സി1/189/2016-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 05-11-2016

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-സ്പീഡ് ഗവർണ്ണറിൽ കൃത്രിമത്വം കാണിക്കുന്നു എന്ന പരാതി സംബന്ധിച്ച്

സൂചന: ശ്രീ.വി.കെ.ഷമീർ, കണ്ണൂരിന്റെ പരാതി

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനപ്രകാരം ശ്രീ.വി.കെ.ഷമീർ പരാതിപ്പെടുന്നത് വേഗപ്പൂട്ട് ഘടിപ്പിക്കാത്തതും, ഘടിപ്പിച്ചിട്ടും പ്രവർത്തിക്കാത്തതുമായ വാഹനങ്ങൾ റോഡിൽ സർവ്വീസ് നടത്തുന്നെന്നും, പല വാഹന ഉടമകളും ഫിറ്റ്നസ്സിനായി സ്പീഡ് ഗവർണ്ണർ വാടകയ്ക്കെടുത്ത് വാഹനത്തിൽ ഘടിപ്പിക്കുന്നെന്നും, ഫിറ്റ്നസ്സ് ടെസ്റ്റ് കഴിഞ്ഞതിന് ശേഷം സ്പീഡ് ഗവർണ്ണർ അഴിച്ച് മാറ്റുന്നുവെന്നുമാണ്. ഈ വിഷയത്തിൽ കർശനമായ പരിശോധനകൾ നടത്തേണ്ടതാണെന്നും, കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്